*Every time while using the case status option ensure that the State, District is selected.




(iii) ഹർജിക്കാരനും അഭിഭാഷകനും
(iv) എതിർകക്ഷിയും അഭിഭാഷകനും
(v) നിയമങ്ങൾ
(vi) എഫ്ഐആർ വിശദാംശങ്ങൾ
(vii) സബോർഡിനേറ്റ് കോടതി വിവരങ്ങൾ
(viii) കേസ് ഹിയറിംഗിന്റെ ചരിത്രം
(ix) ഇടക്കാല ഉത്തരവുകൾ
(x) അന്തിമ ഉത്തരവുകൾ / വിധിന്യായം





*Every time while using the case status option ensure that the State, District is selected.

* ഓരോ തവണയും കേസ് സ്റ്റാറ്റസ് ഓപ്ഷൻ ഉപയോഗിക്കുമ്പോൾ സംസ്ഥാനം, ജില്ല എന്നിവ തിരഞ്ഞെടുക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുക.




## **8.2 Viewing case status using Filing number option :**

The second option available in case status is using filing number option.Click case status option --> select State, District--> click on the filing number option -->Select the court complex from the drop box--> fill up the Filing Number and Year---> Click Go. The Case History will open up --> on clicking the headings it will further open up the details

8.2 ഫയലിങ്ങ് നമ്പർ ഉപയോഗിച്ച് കേസ് നില തിരയൽ:

രണ്ടാമത്തെ രീതി ഫയലിങ്ങ് നമ്പർ ഉപയോഗിച്ച് കേസ് നില തിരയുന്നതാണ്.

കേസ് സ്റ്റാറ്റസ് ഓപ്ഷനിൽ അമർത്തുക → സംസ്ഥാനവും ജില്ലയും തിരഞ്ഞെടുക്കുക.
--> ഫയലിങ്ങ് നമ്പർ ഓപ്ഷനിൽ അമർത്തുക
-->ഡ്രോപ് ബോക്സിൽ നിന്ന് കോടതി സമുച്ചയം തിരഞ്ഞെടുക്കുക.
--> ഫയലിങ്ങ് നമ്പറും വർഷവും പൂരിപ്പിക്കുക.
--> ഗോ അമർത്തുക. അപ്പോൾ കേസ് ചരിത്രം കാണപ്പെടും.

--> തലക്കെട്ടുകളിൽ ഓരോന്നിലും ക്ലിക് ചെയതാൽ കൂടുതൽ വിവരങ്ങൾ ലഭ്യമാകും.








## 8.3 Viewing case status using Advocate option


This search option is the digital clerk for any advocate as it does most of the work of a clerk. For example, this option will show how many cases are pending in all courts in the name of the advocate; what cases are listed on any particular date; and what is

## 8.3 അഡ്വക്കേറ്റ് ഓപ്ഷൻ ഉപയോഗിച്ച് കേസ് നില കാണൽ.

ഈ തിരയൽ ഓപ്ഷൻ ഏതൊരു അഭിഭാഷകന്റെയും ഡിജിറ്റൽ ഗുമസ്തനാണ്. കാരണം ഇത് ഒരു ഗുമസ്തന്റെ മിക്ക ജോലികളും ചെയ്യുന്നു. ഉദാഹരണത്തിന്, അഭിഭാഷകന്റെ പേരിൽ എല്ലാ കോടതികളിലും എത്ര കേസുകൾ നിലവിലുണ്ടെന്നും; ഏതെങ്കിലും പ്രത്യേക തീയതിയിൽ ഏതെല്ലാം കേസുകൾ വിചാരണക്കു വരുന്നുണ്ടെന്നും കേസുകളുടെ ഘട്ടം എന്താണെന്നും 24 * 7 അവരുടെ മൊബൈൽ ഫോണിൽ ഈ ഓപ്ഷൻ

| | |
|---|---|
| the stage of the cases all in their handsets 24*7. An advocate can use this search option under the following three options<br>(i) Search using Advocate name<br>(ii) Search using Bar code number<br>(iii) Search cases of a particular advocate<br>listed on a specific day using Date case list | കാണിക്കും. ഇനിപ്പറയുന്ന മൂന്ന് ഓപ്ഷനുകൾക്ക് കീഴിൽ ഒരു അഭിഭാഷകന് ഈ തിരയൽ ഓപ്ഷൻ ഉപയോഗിക്കാൻ കഴിയും<br>(i) അഭിഭാഷകന്റെ പേര് ഉപയോഗിച്ച് തിരയുക<br>(ii) ബാർ കോഡ് നമ്പർ ഉപയോഗിച്ച് തിരയുക<br>(iii)തീയതി കേസ് ലിസ്റ്റ് ഉപയോഗിച്ച് ഒരു നിർദ്ദിഷ്ട ദിവസത്തിൽ വിചാരണക്ക് വരുന്ന<br>ഒരു പ്രത്യേക അഭിഭാഷകന്റെ കേസുകൾ തിരയുക |




## 8.3.1 Search by Advocate Name :


If an Advocate wanted to know how many cases are pending in his name or how many cases in his name is disposed of, then all that can be got by using this advocate name option.

For example in the screenshot shown herewith the Advocate name search has been done for the advocate name “Rajappa” shows 13 pending cases in Thanjavur, Tamil Nadu and it also shows Court wise how many cases is pending. If the number is clicked, it will show up the entire list, which is expandable with Case history.





## 8.3.1 അഭിഭാഷകന്റെ പേര് ഉപയോഗിച്ച് തിരയുക:

ഒരു അഭിഭാഷകൻ, തന്റെ പേരിൽ എത്ര കേസുകൾ തീർപ്പ് കല്പിക്കപ്പെടാ നായി നിലവിലുണ്ട് എന്നോ എത്ര കേസുകൾ തീർപ്പ് കൽപ്പിക്കപ്പെട്ടു എന്നോ അറിയാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ഈ അഭിഭാഷകനാമ ഓപ്ഷൻ ഉപയോഗിച്ച് എല്ലാം ലഭിക്കാനാകും. ഉദാഹരണത്തിന്, ഇവിടെ കാണിച്ചിരിക്കുന്ന സ്ക്രീൻഷോട്ടിൽ, അഡ്വക്കറ്റ് രാജപ്പയുടെ അഭിഭാഷക നാമം ഉപയോഗിച്ച് സെർച്ച് ചെയ്തു. അദ്ദേഹത്തിന് തമിഴ്നാട് തഞ്ചാവൂരിൽ തീർപ്പുകൽപ്പിക്കാത്ത 13 കേസുകൾ ഉണ്ടെന്ന് കാണിക്കുന്നു, കൂടാതെ ഓരോ കോടതി തിരിച്ചു എത്ര കേസുകൾ തീർപ്പുകൽപ്പിക്കാൻ ഉണ്ടെന്നും കാണിക്കുന്നു.നമ്പർ ക്ലിക്കു ചെയ്യുകയാണെങ്കിൽ, അത് മുഴുവൻ ലിസ്റ്റും കാണിക്കും. അത് കേസ് ചരിത്രത്തിനൊപ്പം വിപുലീകരിക്കാനാകും.




## 8.3.2.Search using Barcode:

One can search using Advocate barcode. It will display the total cases both pending and disposed of for all establishment in the District. For example, the Jharkand Advocate code search shows a total of 131 cases in the name of the Advocate Hussain Haikal.




8.3.2. ബാർകോഡ് ഉപയോഗിച്ച് തിരയുക:

അഡ്വക്കേറ്റ് ബാർകോഡ് ഉപയോഗിച്ച് ഒരാൾക്ക് തിരയാൻ കഴിയും.ഒരു ജില്ലയിലെ എല്ലാ എസ്റ്റാബ്ലിഷ്മെൻറ്കളിലും കൂടി ഒരു അഭിഭാഷകൻറെ പേരിൽ എത്ര കേസുകൾ നിലവിലുണ്ട് എന്നും എത്ര കേസുകൾ തീർച്ചയാക്കി എന്നും ഇത് കാണിക്കുന്നു. ഉദാഹരണത്തിന്, അഡ്വക്കേറ്റ് ഹുസൈൻ ഹൈകലിന്റെ പേരിൽ മൊത്തം 131 കേസുകൾ ജാർഖണ്ഡ് അഡ്വക്കേറ്റ് കോഡ് ഉപയോഗിച്ച് തിരയുമ്പോൾ കാണിക്കുന്നു.





8.3.3 Search using Date case list ( Advocate Cause list )

If an advocate wants to know his name wise cause list, i.e. how many cases are coming up in the courts on

8.3.3 തീയതി കേസ് പട്ടിക ഉപയോഗിച്ച് തിരയുക (അഡ്വക്കേറ്റ് കോസ് ലിസ്റ്റ്)


ഒരു അഭിഭാഷകന് അവന്റെ പേര് തിരിച്ചുള്ള കേസ് ലിസ്റ്റ് അറിയാൻ താൽപര്യമുണ്ടെങ്കിൽ, അതായത്, അദ്ദേഹത്തിന്റെ പേരിൽ ഏതെങ്കിലും പ്രത്യേക തീയതിയിൽ കോടതികളിൽ എത്ര കേസുകൾ വരുന്നുണ്ട്എന്ന്

| | |
|---|---|
| any particular date in his name, then this Date case list option can be used, and Advocate cause list can be generated. The advantage in the advocate cause list is that it will show the listed cases on a particular date along with the stage of the Case.<br><br> | അറിയണമെങ്കിൽ, ഈ കേസ് ലിസ്റ്റ് ഓപ്ഷൻ ഉപയോഗിക്കാം. കൂടാതെ അഭിഭാഷകന്റെ കേസ് ലിസ്റ്റ് സൃഷ്ടിക്കാനും കഴിയും. അഭിഭാഷക കേസ് ലിസ്റ്റിന്റെ പ്രയോജനം, കേസുകൾ ഒരു പ്രത്യേക തീയതിയിൽ കേസിന്റെ ഘട്ടത്തിനൊപ്പം കാണിക്കും എന്നതാണ്.<br><br> |
| 8.4. Viewing case status using Case Type option :<br>Click Case Type->click case type option--> select court complex option-> Select Case Type--> Fill up year-->Select the radio button for pending/Disposal->click go --> | 8.4. കേസ് ടൈപ്പ് ഓപ്ഷൻ ഉപയോഗിച്ച് കേസ് സ്റ്റാറ്റസ് കാണുക:<br>കേസ് ടൈപ്പ് ക്ലിക്ക് ചെയ്യുക-> കേസ് ടൈപ്പ് ഓപ്ഷൻ ക്ലിക്കുചെയ്യുക-> കോടതി കോംപ്ലക്സിന്റെ ഓപ്ഷൻ തിരഞ്ഞെടുക്കുക-> കേസ് ടൈപ്പ് തിരഞ്ഞെടുക്കുക-> വർഷം പൂരിപ്പിക്കുക->പെൻഡിങ്/ ഡിസ്പോസ്ഡ് റേഡിയോ ബട്ടൺ |


then the cases with chosen case type is displayed-->click on the case number it will further open up case history--> if we click on the headings it will further expand into details

തിരഞ്ഞെടുക്കുക/ ഗൊ ക്ലിക്കുചെയ്യുക-> തുടർന്ന് തിരഞ്ഞെടുത്ത കേസുകൾ പ്രദർശിപ്പിക്കുന്നു-> കേസ് നമ്പറിൽ ക്ലിക്കുചെയ്യുക - അത് കേസ് ചരിത്രം കൂടുതൽ തുറക്കുന്നു -> നമ്മൾ തലക്കെട്ടുകളിൽ ക്ലിക്കുചെയ്യുകയാണെങ്കിൽ അത് വിശദാംശങ്ങളിലേക്ക് കൂടുതൽ വികസിക്കുന്നു.

In the screenshot hereunder the case type chosen is "Appeals" hence the Appeal suit AS is shown in the list. Similarly, by choosing any case type, you can get the Case type-wise list




ഇവിടെയുള്ള സ്ക്രീൻഷോട്ടിൽ തിരഞ്ഞെടുത്ത കേസ് ടൈപ്പ് "അപ്പീലുകൾ" ആണ്, അതിനാൽ അപ്പീൽ സ്യൂട്ട് AS പട്ടികയിൽ കാണിച്ചിരിക്കുന്നു. അതുപോലെ, ഏതെങ്കിലും കേസ് ടൈപ്പ് തിരഞ്ഞെടുക്കുന്നതിലൂടെ, നിങ്ങൾക്ക് കേസ് തരം തിരിച്ചുള്ള ലിസ്റ്റ് ലഭിക്കുന്നു.




## 8.5 Viewing case status using Party option:

Click Case Status--> Select state,District-

→click Party option



--> select court complex

8.5 പാർട്ടി ഓപ്ഷൻ ഉപയോഗിച്ച് കേസ് തിരയുക.


കേസ് നില ക്ലിക്കു ചെയ്യുക -> സംസ്ഥാനം ജില്ല എന്നിവ വതിരഞ്ഞെടുക്കുക,-

->പാർട്ടി ഓപ്ഷൻ ക്ലിക്കു ചെയ്യുക


-> കോടതി സമുച്ചയം തിരഞ്ഞെടുക്കുക

<table>
<tr>
<td>-> Select Petitioner/ Respondent name<br><br>--> Fill up year<br><br>→ Select the radio button for pending / Disposal/ both →click go --> then the number of cases with the party name is shown → Then Click on the required case number → The History of the Case will be displayed.<br><br>
</td>
<td></td>
<td>-> ഹർജിക്കാരൻറെ/ എതിർകക്ഷിയുടെ പേര് തിരഞ്ഞെടുക്കുക<br>-> വർഷം പൂരിപ്പിക്കുക<br>-> പെൻഡിങ് / ഡിസ്പോസ്ഡ് / both റേഡിയോ ബട്ടൺ തിരഞ്ഞെടുക്കുക. ഗോ ക്ലിക്കുചെയ്യുക -> തുടർന്ന് കക്ഷിയുടെ പേരും കേസിൻറെ നമ്പറും കാണിക്കും.<br><br>→ തുടർന്ന് ആവശ്യമായ കേസ് നമ്പറിൽ ക്ലിക്കുചെയ്യുക-> കേസിന്റെ ചരിത്രം ദൃശ്യമാകും.<br>
</td>
</tr>
<tr>
<td>In the shown screenshot the name of the Party name “Rangaswamy” was used for search and the cases with the name “Rangaswamy “is displayed. Likewise, you can search for cases using the party name search option.</td>
<td></td>
<td>കാണിച്ചിരിക്കുന്ന സ്ക്രീൻഷോട്ടിൽ പാർട്ടിയുടെ പേര് ആയ “രംഗസ്വാമി” തിരയലിനായി ഉപയോഗിക്കുകയും “രംഗസ്വാമി” എന്ന പേരിലുള്ള കേസുകൾ പ്രദർശിപ്പിക്കുകയും ചെയ്യുന്നു. അതുപോലെ, പാർട്ടി നാമ തിരയൽ ഓപ്ഷൻ ഉപയോഗിച്ച് നിങ്ങൾക്ക് കേസുകൾക്കായി തിരയാൻ കഴിയും</td>
</tr>
<tr>
<td>8.6 Search using FIR number :</td>
<td></td>
<td>8.6 എഫ്ഐആർ നമ്പർ ഉപയോഗിച്ച് തിരയുക:</td>
</tr>
</table>


Click Case Status--> Select state,District-
->click FIR number option--> select court complex-> Select Police Station -->Enter FIR number& year -->Select the radio button for pending/Disposal/Both ->click go --> then the case with FIR number is displayed--> click on the case number it will further open up case history




കേസ് നില ക്ലിക്കുചെയ്യുക -> സംസ്ഥാനം, ജില്ല എന്നിവ തിരഞ്ഞെടുക്കുക.
-> എഫ് ഐ ആർ നമ്പർ ഓപ്ഷൻ ക്ലിക്കുചെയ്യുക -> കോടതി സമുച്ചയം തിരഞ്ഞെടുക്കുക-> പോലീസ് സ്റ്റേഷൻ തിരഞ്ഞെടുക്കുക -> എഫ്ഐആർ നമ്പറും വർഷവും ടൈപ്പ് ചെയ്യുക -> പെൻഡിങ് / ഡിസ്പോസ്ഡ് / both റേഡിയോ ബട്ടൺ തിരഞ്ഞെടുക്കുക. ഗോ ക്ലിക്കുചെയ്യുക ->തുടർന്ന് കേസും എഫ്ഐആർ നമ്പറും പ്രദർശിപ്പിക്കുന്നു. -> കേസ് നമ്പറിൽ ക്ലിക്കുചെയ്യുക. കേസ് ചരിത്രം കൂടുതൽ തുറക്കുന്നു.





## 8.7 Search by ACT






| Chief Judicial Magistrate : 3 | | |
|---|---|---|
| Sr.No | Case Number | Party Name |
| 1 | GR/1544/2020 | State of Jharkhand vs DIPAK SAHIS |
| 2 | GR/1443/2019 | State of Jharkhand vs JITENDRA PASWAN |
| 3 | GR/1387/2014 | State of Jharkhand vs Nipenn bhandari |
| District And Sessions Court : 10 | | |

## 8.7 നിയമം ഉപയോഗിച്ച് തിരയുക





| Chief Judicial Magistrate : 3 | | |
|---|---|---|
| Sr.No | Case Number | Party Name |
| 1 | GR/1544/2020 | State of Jharkhand vs DIPAK SAHIS |
| 2 | GR/1443/2019 | State of Jharkhand vs JITENDRA PASWAN |
| 3 | GR/1387/2014 | State of Jharkhand vs Nipenn bhandari |
| District And Sessions Court : 10 | | |

## 8.8 Pre-Trial Application

Select the Police Station and fill up the FIRnumber and year for Remand /Bail / Application




8.8 പ്രീ-ട്രയൽ ആപ്ലിക്കേഷൻ

പോലീസ് സ്റ്റേഷൻ തിരഞ്ഞെടുത്ത് റിമാൻഡ് / ജാമ്യം / അപേക്ഷക്കായി എഫ്ഐആർ നമ്പറും വർഷവും പൂരിപ്പിക്കുക




## 8.9 Caveat :

One can search by Caveat also.








8.9 കേവിയറ്റ്

കേവിയറ്റ് വഴി തിരയാനും കഴിയും.







## 9.Getting Causelist through eCourts Mobile App :

Getting Causelist in the mobile App is an equally useful option for the Advocates, Litigants and Judges. Three types of cause list (i) Civil Cause list of any Court (ii) Criminal cause list of any Court (iii) Advocate wise cause list, all

9. ഇ-കോർട്ട്സ് മൊബൈൽ ആപ് വഴി കോസ് ലിസ്റ്റ് ലഭ്യമാകുന്നത്:

മൊബൈൽ അപ്ലിക്കേഷനിൽ കോസ്‌ലിസ്റ്റ് ലഭിക്കുന്നത് അഭിഭാഷകർക്കും വ്യവഹാരികൾക്കും ന്യായാധിപന്മാർക്കും ഒരുപോലെ ഉപയോഗപ്രദമായ ഒരു ഓപ്ഷനാണ്. മൂന്ന് തരത്തിലുള്ള കോസ് ലിസ്റ്റ് ലഭ്യമാണ്: (i) ഏതെങ്കിലും കോടതിയുടെ സിവിൽ കോസ് ലിസ്റ്റ് (ii) ഏതെങ്കിലും കോടതിയുടെ ക്രിമിനൽ കോസ് ലിസ്റ്റ് (iii) അഭിഭാഷകരെ തിരിച്ചുള്ള കോസ് ലിസ്റ്റ് , എന്നിവ എല്ലാം മൊബൈൽ

| | | |
|---|---|---|
| can be generated under the e-Courts mobile App.<br><br>The civil cause list and the criminal cause list can be viewed under this "Cause list" option. The Advocate wise Cause list can be viewed through the Advocate option available under the Case Status search, which is explained under the topic "Search using Case Status option ".By using the cause list option, one can confirm whether his Case is posted on a particular day or not. It is a useful time management tool for Judges, staffs, Advocates through which one can find out how many cases are listed on any specific day and the day's work can be planned, and this data can now be viewed through the mobile App in the handsets. | | ആപ്പ് ഉപയോഗിച്ച് സൃഷ്ടിക്കാൻ കഴിയും.<br><br>സിവിൽ കോസ് ലിസ്റ്റ്, ക്രിമിനൽ കേസ് ലിസ്റ്റ് എന്നിവ ഇ- "കേസ് ലിസ്റ്റ്" ഓപ്ഷന് കീഴിൽ കാണാൻ കഴിയും. കേസ് സ്റ്റാറ്റസ് തിരയലിനു കീഴിൽ ലഭ്യമായ അഡ്വക്കേറ്റ് ഓപ്ഷൻ വഴി അഡ്വക്കേറ്റ് തിരിച്ചുള്ള കോസ് ലിസ്റ്റ് കാണാൻ കഴിയും, അത് "കേസ് സ്റ്റാറ്റസ് ഓപ്ഷൻ ഉപയോഗിച്ച് തിരയുക" എന്ന വിഷയത്തിൽ വിശദീകരിച്ചിരിക്കുന്നു .കോസ് ലിസ്റ്റ് ഓപ്ഷൻ ഉപയോഗിച്ച് ഒരാൾക്ക് തന്റെ കേസ് പോസ്റ്റു ചെയ്തിട്ടുണ്ടോ എന്ന് സ്ഥിരീകരിക്കാൻ കഴിയും.ന്യായാധിപന്മാർ , സ്റ്റാഫുകൾ, അഭിഭാഷകർ എന്നിവർക്കുള്ള ഉപയോഗപ്രദമായ ഒരു മാനേജുമെന്റ് ഉപകരണമാണിത്. അതിലൂടെ ഏതെങ്കിലും നിർദ്ദിഷ്ട ദിവസത്തിൽ എത്ര കേസുകൾ ലിസ്റ്റുചെയ്തിട്ടുണ്ടെന്നും അറിയാൻ കഴിയും . ഒരു ദിവസത്തെ നമ്മുടെ ജോലി ആസൂത്രണം ചെയ്യാൻ ഇത് സഹായിക്കും. കൂടാതെ ഈ ഡാറ്റ ഇപ്പോൾ ഹാൻഡ്സെറ്റുകളിലെ മൊബൈൽ ആപ്പ് വഴി കാണാൻ കഴിയും. |
| Click Cause List icon.<br>1 Select State, District-<br>2 Select Court Complex<br>3 Select Court Name | | കേസ് ലിസ്റ്റ് ഐക്കൺ ക്ലിക്കുചെയ്യുക.<br>1 സംസ്ഥാനം തിരഞ്ഞെടുക്കുക, ജില്ല-<br>2 കോടതി സമുച്ചയം തിരഞ്ഞെടുക്കുക<br>3 കോടതിയുടെ പേര് തിരഞ്ഞെടുക്കുക<br>4 കലണ്ടറിൽ നിന്ന് കോസ് ലിസ്റ്റ് തീയതി തിരഞ്ഞെടുക്കുക |

| | | |
|---|---|---|
| 4 Select Cause List Date from the Calendar<br><br>5 Click Civil or Criminal, Then the Cause list civil/criminal is displayed<br><br>6 Using the search box particular cases in the cause list can also be searched.<br><br> | | 5 സിവിൽ അല്ലെങ്കിൽ ക്രിമിനൽ ക്ലിക്കുചെയ്യുക, തുടർന്ന് കേസ് ലിസ്റ്റ് സിവിൽ / ക്രിമിനൽ പ്രദർശിപ്പിക്കും<br>തിരയൽ ബോക്സ് ഉപയോഗിച്ച് കേസ് ലിസ്റ്റിലെ ഒരു പ്രത്യേക കേസും തിരയാൻ കഴിയും.<br> |
| 10..My Cases option :<br>My cases option is one of the most attractive and useful options for Advocates and Litigants because it acts as a Digital personal case diary. It is an exclusive feature available in the e-Courts App. The Litigant or Lawyer can save and store his/her cases under My Cases and see the details as and when required. | | 10. മൈ കേസസ് ഓപ്ഷൻ:<br>.മൈ കേസസ് ഓപ്ഷൻ അഭിഭാഷകർക്കും വ്യവഹാരികൾക്കും ഏറ്റവും ആകർഷകവും ഉപയോഗപ്രദവുമായ ഓപ്ഷനുകളിൽ ഒന്നാണ്, കാരണം ഇത് ഒരു ഡിജിറ്റൽ പേഴ്സണൽ കേസ് ഡയറിയായി പ്രവർത്തിക്കുന്നു. ഇ-കോർട്ട്സ് ആപ്പിൽ ലഭ്യമായ ഒരു എക്സ്ക്ലൂസീവ് സവിശേഷതയാണിത്. വ്യവഹാരിയോ അഭിഭാഷകനോ അവന്റെ / അവളുടെ കേസുകൾ എന്റെ കേസുകൾക്ക് കീഴിൽ സംരക്ഷിക്കാനും സംഭരിക്കാനും ആവശ്യമുള്ളപ്പോൾ വിശദാംശങ്ങൾ കാണാനും കഴിയും. |







## 10.1. How to add cases to My cases :

If you want to add cases to "my cases" list then follow these steps

i Search the Case which you want to add to My cases using the e-Courts mobile App.

ii The "add cases" button will be displayed on the top right-hand side in the Case history of the searched Case, as shown in the screenshot herewith.

iii Click the "Add cases "which will add the case to your "my cases list."

10.1. "My cases" ഓപ്ഷനിൽ കേസുകൾ എങ്ങനെ ചേർക്കാം:


"മൈ കേസസ്" ലിസ്റ്റിലേക്ക് താഴെ പറയുന്ന രീതിയിൽ കേസുകൾ ചേർക്കാൻ കഴിയും:

ഇ-കോടതികളുടെ മൊബൈൽ അപ്ലിക്കേഷൻ ഉപയോഗിച്ച് നിങ്ങൾ "My cases" ൽ ചേർക്കാൻ ആഗ്രഹിക്കുന്ന കേസ് തിരയുക.

ii ഇവിടെ സ്ക്രീൻഷോട്ടിൽ കാണിച്ചിരിക്കുന്നതുപോലെ, തിരഞ്ഞ കേസുകളുടെ കേസ് ചരിത്രത്തിൽ മുകളിൽ വലതുവശത്ത് "add cases" ബട്ടൺ പ്രദർശിപ്പിക്കും.

iii "add cases" ക്ലിക്കുചെയ്യുക, അത് നിങ്ങളുടെ കേസിനെ 'മൈ കേസസ്' ലിസ്റ്റിൽ ചേർക്കുന്നതാണ്.





An advocate or an advocate clerk can add all their office cases in My Cases and maintain a digital diary of their office case and can get updates and status of the cases using My Cases option. A senior Advocate can add the important cases alone and keep track of the case status without the help of a junior or an advocate clerk and can see the case status 24*7. A litigant can also add his cases under My cases. Likewise prosecutors, court police constable, Investigating officers, Government pleaders, also can use this “My cases “list and can keep track of them 24*7

ഒരു അഭിഭാഷകനോ അഭിഭാഷക ഗുമസ്തനോ അവരുടെ എല്ലാ ഓഫീസ് കേസുകളും “My Cases” ൽ ചേർക്കാനും, അവരുടെ ഓഫീസിലെ കേസുകളുടെ ഡിജിറ്റൽ ഡയറി പരിപാലിക്കാനും, “my cases” ഓപ്ഷൻ ഉപയോഗിച്ച് കേസുകളുടെ അപ്ഡേറ്റുകളും സ്റ്റാറ്റസും നേടാനും കഴിയും. ഒരു മുതിർന്ന അഭിഭാഷകന് പ്രധാനപ്പെട്ട കേസുകൾ മാത്രം ചേർക്കാനും ഒരു ജൂനിയറിന്റെയോ അഭിഭാഷക ഗുമസ്തന്റെയോ സഹായമില്ലാതെ കേസ് നില ട്രാക്കുചെയ്യാനും കേസ് നില 24 * 7 കാണാനും കഴിയും. ഒരു വ്യവഹാരിക്കും “my cases”ൽ തന്റെ കേസുകൾ ചേർക്കാൻ കഴിയും. അതുപോലെ പ്രോസിക്യൂട്ടർമാർ, കോടതി പോലീസ് കോൺസ്റ്റബിൾ, ഇൻവെസ്റ്റിഗേഷൻ ഓഫീസർമാർ, സർക്കാർ വാദികൾ എന്നിവർക്കും ഈ “my cases” ലിസ്റ്റ് ഉപയോഗിക്കാനും അവരവരുടെ

കേസുകൾ 24 * 7 നിരീക്ഷിക്കാനും കഴിയും.


10.2.How to remove cases from My cases :

To remove the cases from "My cases" one should open the cases through My Cases, then that Case will display the "remove cases" option on the right-hand side top as shown in the screenshot. If the remove case option is clicked, it will remove the Case from My cases list




10.2. "My cases"ൽ നിന്ന് കേസുകൾ എങ്ങനെ നീക്കംചെയ്യാം:

"my cases"ൽ നിന്ന് കേസുകൾ നീക്കംചെയ്യുന്നതിന് ഒരാൾ "my cases" വഴി കേസുകൾ തുറക്കണം, തുടർന്ന് ആ കേസ് സ്ക്രീൻഷോട്ടിൽ കാണിച്ചിരിക്കുന്നതു പോലെ വലതു വശത്ത് മുകളിൽ "remove cases" ഓപ്ഷൻ പ്രദർശിപ്പിക്കും. കേസ് നീക്കംചെയ്യൽ ഓപ്ഷൻ ക്ലിക്കുചെയ്യുകയാണെങ്കിൽ, "my cases" പട്ടികയിൽ നിന്ന് കേസ് നീക്കംചെയ്യും





10.3.Search within My cases :


When one has several cases under "My cases" it can be searched using the search option available within" My

10.3. "My cases"ൽ തിരയുക:

ഒരാൾക്ക് "my cases" എന്നതിന് കീഴിൽ നിരവധി കേസുകൾ ഉള്ളപ്പോൾ "my cases" എന്നതിൽ ലഭ്യമായ തിരയൽ ഓപ്ഷൻ ഉപയോഗിച്ച് ഈ കേസുകൾ എല്ലാം തിരയാൻ കഴിയും. ഇവിടെ

<table>
<tr>
<td>cases”. You can search within your cases with name wise,number-wise, by typing in the search tab as shown in the screenshot herewith.<br>
</td>
<td></td>
<td>സ്ക്രീൻഷോട്ടിൽ കാണിച്ചിരിക്കുന്നതു പോലെ തിരയൽ ടാബിൽ ടൈപ്പുചെയ്തുകൊണ്ട് പേര് മുറയ്ക്കും നമ്പർ മുറയ്ക്കും “my cases”ഓപ്ഷനിൽ തിരയാവുന്നതാണ്.<br>
</td>
</tr>
<tr>
<td>10.4. Refresh button :<br>The refresh button if clicked will update “My Cases”. The refresh button is given adjacent to Today’s Cases to update the information saved under My Cases. If any case is not updated or refreshed because of a connection issue, the App will show this information as “connection error”.<br>
</td>
<td></td>
<td>10.4. റിഫ്രഷ് ബട്ടൺ:<br>റിഫ്രഷ് ബട്ടൺ ക്ലിക്കുചെയ്യുകയാണെങ്കിൽ “my cases” അപ്ഡേറ്റുചെയ്യും. “my cases”നു കീഴിൽ സംരക്ഷിച്ച വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിന് ഇന്നത്തെ കേസുകൾക്ക് സമീപമാണ് റിഫ്രഷ് ബട്ടൺ നൽകിയിരിക്കുന്നത്. കണക്ഷൻ പ്രശ്നം കാരണം ഏതെങ്കിലും കേസ് അപ്ഡേറ്റ് ചെയ്യുകയോ പുതുക്കുകയോ ചെയ്തിട്ടില്ലെങ്കിൽ, അപ്ലിക്കേഷൻ ഈ വിവരങ്ങൾ “കണക്ഷൻ എറർ” ആയി കാണിക്കും.</td>
</tr>
</table>

| | | |
|---|---|---|
| | |  |
| <u>10.5.My Cases - Date wise / District wise Display option:</u><br><br>The updated version of the e-Courts mobile App comes with the display of My Cases as Date wise and District wise. For example, when you click the date-wise option, it will display all the cases date wise. It will be handy for an advocate or advocate clerk as it is a Digital diary of their cases. Similarly, District wise viewing is also available The screenshot of Date wise and District wise is shown herewith, and when the case number is clicked, it will further open up the entire case history | | 10.5. “My cases” ലെ തീയതി തിരിച്ചുള്ള / ജില്ല തിരിച്ചുള്ള പ്രദർശന ഓപ്ഷൻ:<br>ഇ-കോർട്ട്സ് മൊബൈൽ ആപ്പിന്റെ അപ്ഡേറ്റ് ചെയ്ത പതിപ്പ് “my cases” തീയതി തിരിച്ചും ജില്ല തിരിച്ചും പ്രദർശിപ്പിക്കും. ഉദാഹരണത്തിന്, നിങ്ങൾ തീയതി തിരിച്ചുള്ള ഓപ്ഷനിൽ ക്ലിക്കുചെയ്യുമ്പോൾ, അത് എല്ലാ കേസുകളും തീയതി തിരിച്ച് പ്രദർശിപ്പിക്കും. ഒരു അഭിഭാഷകനോ അഭിഭാഷക ഗുമസ്തനോ അവരുടെ കേസുകളുടെ ഡിജിറ്റൽ ഡയറിയായതിനാൽ ഇത് വളരെ എളുപ്പമായിരിക്കും. അതുപോലെ, ജില്ല തിരിച്ചുള്ള കാഴ്ചയും ലഭ്യമാണ്. തീയതി തിരിച്ചുള്ളതും ജില്ല തിരിച്ചുള്ളതുമായ സ്ക്രീൻഷോട്ട് ഇവിടെ കാണിക്കുന്നു. കേസ് നമ്പർ ക്ലിക്കുചെയ്യുമ്പോൾ, ഇത് “my cases”ൽ കേസുകളുടെ തിരയൽ ഓപ്ഷന്റെ മുഴുവൻ കേസ് ചരിത്രവും തുറക്കുന്നതാണ്.<br><br>  |

<table>
<tr>
<td>of the cases search option among My cases.<br></td>
<td></td>
<td></td>
</tr>
<tr>
<td><u>10.6.Calendar:</u><br>My cases can also be viewed in the calendar format.<br></td>
<td></td>
<td>10.6. കലണ്ടർ:<br>കലണ്ടർ ഫോർമാറ്റിലും “my cases”കാണാനാകും.<br></td>
</tr>
<tr>
<td><u>11.Backup facility :</u><br>The eCourts mobile provides a backup facility which is also the most sought</td>
<td></td>
<td>11. ബാക്കപ് സൗകര്യം:<br>ഇ-കോർട്ട്സ് മൊബൈൽ അപ്ലിക്കേഷൻ ബാക്കപ് സൗകര്യം നൽകുന്നുണ്ട്. ഇത് ഉപയോക്താവിന് വളരെയധികം പ്രയോജനപ്പെടുന്ന ഒരു</td>
</tr>
</table>

| | | |
|---|---|---|
| after feature of the eCourts App. One can backup the saved cases on the mobile device under export and import option. If you have saved many cases in your mobile App and if you are getting a new mobile phone then this export and import option can be used and can be downloaded on the latest mobile phone. | | സവിശേഷതയാണ്. എക്സ്പോർട്ട്, ഇംപോർട്ട്, ഓപ്ഷൻ ഉപയോഗിച്ച് മൊബൈൽ ഫോണിൽ സംഭരിച്ച കേസുകൾ ഒരാൾക്ക് ബാക്കപ്പ് ചെയ്യാൻ കഴിയും. നിങ്ങളുടെ മൊബൈൽ അപ്ലിക്കേഷനിൽ നിങ്ങൾ നിരവധി കേസുകൾ സംഭരിച്ചിട്ടുണ്ടെങ്കിൽ, നിങ്ങൾ ഒരു പുതിയ മൊബൈൽ ഫോൺ ഉപയോഗിക്കാൻ തുടങ്ങുന്ന സമയത്ത്, ഈ എക്സ്പോർട്ട്, ഇംപോർട്ട് ഓപ്ഷൻ ഉപയോഗീച്ച് പുതിയ മൊബൈൽ ഫോണിൽ ഫയലുകൾ ഡൌൺലോഡുചെയ്യാനും കഴിയും. |
| By clicking the menu button, this Backup option is accessible. When you click the said menu button, the export and import option are available under the menus which are shown in the screenshot herewith for ready reference. It is essential to alteast export once and keep the data in the mobile or Google drive or in email regularly. Only when you have the data exported, then it can be imported when needed, for example, while changing the mobile phone or accidental data loss.n be used to | | മെനു ബട്ടൺ ക്ലിക്കുചെയ്യുന്നതിലൂടെ, ഈ ബാക്കപ്പ് ഓപ്ഷൻ കണ്ടെത്താൻ കഴിയും. മെനു ബട്ടൺ ക്ലിക്കുചെയ്യുമ്പോൾ, എന്താണ് കാണാൻ കഴിയുക എന്നത് ഇവിടെ സ്ക്രീൻഷോട്ടിൽ കാണിച്ചിരിക്കുന്നു. മെനുവിനു താഴെ എക്സ്പോർട്ട്, ഇംപോർട്ട് ഓപ്ഷൻ ലഭ്യമാണ്. ഒരു തവണയെങ്കിലും ഫയലുകൾ എക്സ്പോർട്ട് ചെയ്ത് മൊബൈൽഫോണിൽ അല്ലെങ്കിൽ Google ഡ്രൈവിലോ ഇമെയിലിലോ സൂക്ഷിക്കേണ്ടത് അത്യാവശ്യമാണ്. നിങ്ങൾ ഡാറ്റ എക്സ്പോർട്ട് ചെയ്താൽമാത്രമേ ആവശ്യമുള്ളപ്പോൾ അത് ഇംപോർട്ട് ചെയ്യാൻ കഴിയൂ. ഉദാഹരണത്തിന്, മൊബൈൽ ഫോൺ മാറ്റുന്നതിനിടയിലോ അല്ലെങ്കിൽ ആകസ്മികമായ ഡാറ്റാ നഷ്ടം ഉണ്ടാകുമ്പോഴോ ഇംപോർട്ട് ചെയ്യാം. നിങ്ങളുടെ ഡാറ്റ എക്സ്പോർട്ടുചെയ്തിട്ടില്ലെങ്കിൽ, |

| | | |
|---|---|---|
| import. Unless you have exported your data, you can not use it for import. | | നിങ്ങൾക്ക് അത് ഇംപോർട്ട് ചെയ്യാനും കഴിയില്ല. |
|  | |  |

11.1 Export option:

The Export option is available under the menu list in the mobile App. When the export option is clicked, it will ask where to export the files. You can export or share your files through email, or store in google drive or store in the phone itself. While storing for google drive, you may get security questions from Google, and you can click admit wherein the backup will be stored in google drive. Whenever needed, the backup can be extracted from the google drive.

The said three options for exporting the files, i.e. share with (I) email; (ii) save to Drive (Google); (iii) Save in this device, i.e. save in mobile phone is shown in the screenshot for easy understanding. By using any one of the three options, you can export the stored data of your mobile application and save it in Text file format. Once the export is done, you will get an alert

11.1 എക്സ്പോർട്ട് ഓപ്ഷൻ:

മൊബൈൽ അപ്ലിക്കേഷനിലെ മെനു ലിസ്റ്റിന് കീഴിൽ എക്സ്പോർട്ട് ഓപ്ഷൻ ലഭ്യമാണ്. എക്സ്പോർട്ട് ഓപ്ഷൻ ക്ലിക്കുചെയ്യുമ്പോൾ, ഫയലുകൾ എവിടെ നിന്ന് എക്സ്പോർട്ടുചെയ്യണമെന്ന് അത് ചോദിക്കും. ഇമെയിൽ വഴി നിങ്ങളുടെ ഫയലുകൾ എക്സ്പോർട്ടു ചെയ്യാനോ പങ്കിടാനോ കഴിയും, അല്ലെങ്കിൽ ഗൂഗിൾ ഡ്രൈവിൽ സംഭരിക്കാനോ ഫോണിൽ തന്നെ സംഭരിക്കാനോ കഴിയും. ഗൂഗിൾ ഡ്രൈവിൽ സംഭരിക്കുമ്പോൾ, നിങ്ങൾക്ക് Google-ൽ നിന്ന് സുരക്ഷാ ചോദ്യങ്ങൾ ലഭിച്ചേക്കാം, ഗൂഗിൾ ഡ്രൈവിൽ ബാക്കപ്പ് സംഭരിക്കപ്പെടുന്നതിനായി അഡ്മിറ്റ് ക്ലിക്കുചെയ്യാം. ആവശ്യമുള്ളപ്പോഴെല്ലാം, Google ഡ്രൈവിൽ നിന്ന് സംഭരിച്ചിട്ടുള്ള ഫയലുകൾ വീണ്ടെടുക്കാനും കഴിയും.

ഫയലുകൾ എക്സ്പോർട്ടു ചെയ്യുന്നതിന് ലഭ്യമായ മൂന്ന് മാർഗങ്ങൾ ഇവയാണ്.


(I) ഇമെയിൽ വഴി പങ്കിടുക;


(ii) ഡ്രൈവിൽ (Google) സംഭരിക്കുക;

(iii) ഈ ഉപകരണത്തിൽ സംഭരിക്കുക. ഇത് എളുപ്പത്തിൽ മനസിലാക്കുന്നതിനായി മൊബൈൽ ഫോണിൽ സംഭരിക്കുന്ന രീതി സ്ക്രീൻഷോട്ടിൽ കാണിച്ചിരിക്കുന്നു. ഈ മൂന്ന് ഓപ്ഷനുകളിലൊന്ന് ഉപയോഗിക്കുന്നതിലൂടെ, നിങ്ങളുടെ മൊബൈൽ അപ്ലിക്കേഷനിൽ സംഭരിച്ച ഡാറ്റ എക്സ്പോർട്ടുചെയ്യാനും ടെക്സ്റ്റ്

"saved successfully" in the mobile as shown herewith. The said text file can be extracted from the mobile storage.












ഫയൽ ഫോർമാറ്റിൽ സംരക്ഷിക്കാനും കഴിയും. എക്സ്പോർട്ട് ചെയ്തു കഴിഞ്ഞാൽ, ഇവിടെ കാണിച്ചിരിക്കുന്നതു പോലെ നിങ്ങൾക്ക് "saved successfully" എന്ന് ഒരു അലേർട്ട് മൊബൈലിൽ ലഭിക്കും. ഇപ്രകാരം സൂക്ഷിച്ചിരിക്കുന്ന ടെക്സ്റ്റ് ഫയൽ മൊബൈൽ ഫോണിൽ നിന്നും ആവശ്യാനുസരണം വീണ്ടെടുക്കാനും സാധിക്കും.







| | | |
|---|---|---|
| **11.2.Import option :**<br><br>The import option is the most sought after feature by the e-Courts mobile app user. What to do if you are going to change your phone? or when your phone data gets crashed. Then this import option is beneficial. You can use this import option and get the backup data into your new phone. When the data is mistakenly deleted from the phone, one can use this import option and get the data restored.You can click the import icon and import the data from two options ;<br><br>(i) Import from drive and<br><br>(ii) Import from this device.<br><br>The screenshots appended herewith showing the two options under " Import from". It is advisable that atleast once you import the backup data from the google drive, the google drive will ask permission, and you can | | 11.2. ഇംപോർട്ട് ഓപ്ഷൻ:<br>ഇ-കോർട്ട്സ് മൊബൈൽ അപ്ലിക്കേഷൻ ഉപയോക്താവിന് ഏറ്റവും കൂടുതൽ പ്രയോജനപ്പെടുന്ന സവിശേഷതയാണ് ഇംപോർട്ട് ഓപ്ഷൻ. നിങ്ങളുടെ ഫോൺ മാറ്റാൻ പോകുകയാണെങ്കിൽ എന്തുചെയ്യണം? അല്ലെങ്കിൽ നിങ്ങളുടെ ഫോൺ ഡാറ്റ ക്രാഷാകുമ്പോൾ, ഈ ഇംപോർട്ട് ഓപ്ഷൻ പ്രയോജനകരമാണ്. നിങ്ങൾക്ക് ഈ ഇംപോർട്ട് ഓപ്ഷൻ ഉപയോഗിക്കാനും നിങ്ങളുടെ പുതിയ ഫോണിലേക്ക് ബാക്കപ്പ് ഡാറ്റ നേടാനും കഴിയും. ഫോണിൽ നിന്ന് ഡാറ്റ അബദ്ധത്തിൽ മായിച്ചു കളയുമ്പോൾ, ഒരാൾക്ക് ഈ ഇംപോർട്ട് ഓപ്ഷൻ ഉപയോഗിച്ച് ഡാറ്റ വീണ്ടെടുക്കാൻ കഴിയും. നിങ്ങൾക്ക് ഇംപോർട്ട് ഐക്കണിൽ ക്ലിക്കുചെയ്ത് രണ്ട് മാർഗത്തിൽ ഡാറ്റ ഇംപോർട്ട് ചെയ്യാൻ കഴിയും;<br>(i) ഡ്രൈവിൽ നിന്ന് ഇംപോർട്ട് ചെയ്യുക<br>(ii) ഈ ഉപകരണത്തിൽ നിന്ന് ഇംപോർട്ട് ചെയ്യുക.<br>"ഇമ്പോർട്ടുചെയ്യുക" എന്നതിന് കീഴിലുള്ള രണ്ട് ഓപ്ഷനുകൾ കാണിക്കുന്ന സ്ക്രീൻഷോട്ടുകൾ ഇവിടെ ചേർത്തിരിക്കുന്നു. ഗൂഗിൾ ഡ്രൈവിൽ നിന്ന് ബാക്കപ്പ് ഡാറ്റ ഇംപോർട്ട് ചെയ്യാൻ ശ്രമിക്കുമ്പോൾ ഗൂഗിൾ ഡ്രൈവ് അനുമതി ചോദിക്കും, അപ്പോൾ ഡാറ്റ ഇംപോർട്ട് ചെയ്യാൻ അനുവദിക്കുക എന്ന ബട്ടൺ ക്ലിക്കുചെയ്യാം.<br>ഈ വിവരിച്ച സ്ക്രീൻഷോട്ടും ഇവിടെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇംപോർട്ട് ഓപ്ഷൻ പൂർത്തിയായിക്കഴിഞ്ഞാൽ, |

| | | |
|---|---|---|
| click allow the button to import the data.<br><br>The said screenshot is also enclosed herewith. Once the import option is completed, you will get the alert message 'Cases imported successfully'. Thus, you can use the import option and get the backup data in your new mobile phone or restore the backup data from your old mobile phone.<br><br> | | നിങ്ങൾക്ക് 'Cases imported successfully' എന്ന അലേർട്ട് സന്ദേശം ലഭിക്കും. അതിനാൽ, നിങ്ങൾക്ക് ഇംപോർട്ട് ഓപ്ഷൻ ഉപയോഗിക്കാനും നിങ്ങളുടെ പുതിയ മൊബൈൽ ഫോണിൽ ബാക്കപ്പ് ഡാറ്റ നേടാനും അല്ലെങ്കിൽ നിങ്ങളുടെ പഴയ മൊബൈൽ ഫോണിൽ നിന്ന് ബാക്കപ്പ് ഡാറ്റ വീണ്ടെടുക്കാനും കഴിയും.<br><br> |
| **12. Getting case status using QR Code :**<br><br>While using the eCourts Services mobile App some may find difficult typing the Case Number Record (CNR) | | 12. ക്യുആർ കോഡ് ഉപയോഗിച്ച് കേസ് സ്റ്റാറ്റസ് അറിയുക.<br>ഇ-കോർട്ട്സ് സർവീസസ് മൊബൈൽ ആപ്പ് ഉപയോഗിക്കുമ്പോൾ, കേസ് സ്റ്റാറ്റസ് അറിയുന്നതിന് കേസ് നമ്പർ റെക്കോർഡ് (സിഎൻആർ) നമ്പർ ടൈപ്പു ചെയ്യുന്നതും കേസ് അപ്ഡേറ്റുകൾ ലഭിക്കുന്നതിനായി |

number every time for getting the case status or typing the case details every time you want to get the case updates. There is another easy way of getting the case details using QR code scan option in the eCourts mobile.


<u>Step : 1:Getting the QR code of your Case:</u>

Get the QR code for your Case under the case History from the eCourts Services mobile applications. (OR)

Get the QR code for your Case under the Case History from the eCourts services website https://ecourts.gov.in also.

<u>Step 2: Take a print out of the QR code and Paste in the case Docket :</u>

One can take the print out of the QR code and paste it in the case files.





കേസ് വിശദാംശങ്ങൾ ടൈപ്പ ചെയ്യുന്നതും ചിലപ്പോഴൊക്കെ ചിലർക്ക് ബുദ്ധിമുട്ടാണ്. ഇകോർട്ട്സ് മൊബൈലിൽ ക്യുആർ കോഡ് സ്കാൻ ഓപ്ഷൻ ഉപയോഗിച്ച് കേസ് വിശദാംശങ്ങൾ നേടുന്നതിനുള്ള മറ്റൊരു എളുപ്പമാർഗ്ഗമുണ്ട്

<u>ഒന്നാം ഘട്ടം: നിങ്ങളുടെ കേസിന്റെ ക്യുആർ കോഡ് കണ്ട് പിടിക്കുക:</u>

ഇകോർട്ട്സ് സേവനങ്ങളുടെ മൊബൈൽ ആപ്ലിക്കേഷനുകളിൽ നിന്ന് ഹിസ്റ്ററിയുടെ കീഴിൽ നിങ്ങളുടെ കേസിൻ്റെ ക്യുആർ കോഡ് കണ്ട് പിടിക്കുക. (അഥവാ) ഇകോർട്ട്സ് സേവന വെബ്സൈറ്റായ https://ecourts.gov.in ൽ നിന്നും അതിലെ കേസ് ഹിസ്റ്ററിക്ക് കീഴിലുള്ള നിങ്ങളുടെ കേസിൻ്റെ ക്യുആർ കോഡ് കണ്ട് പിടിക്കുക.

<u>രണ്ടാം ഘട്ടം: ക്യുആർ കോഡിൽ നിന്ന് ഒരു പ്രിന്റ് എടുത്ത് കേസ് ഡോക്കറ്റിൽ ഒട്ടിക്കുക.</u>

QR കോഡിൻ്റെ പ്രിന്റ് എടുത്ത് കേസ് ഫയലുകളിൽ ഒട്ടിക്കാൻ കഴിയും.



| | | |
|---|---|---|
| <u>Step 3:Scan QR Code:</u><br>Using the “Scan QR code” option inbuilt in the e-Courts mobile app one can scan the QR code pasted on the case docket which will immediately show the case status. This QR Code scanning can be beneficial for advocate office and companies/ govt institution having a large number of cases. They can take the print out of the QR Code and paste it in their case files and can scan with their mobile App - Scan QR code option and can get the case details instantly without filing all the points one by one. | | <u>മൂന്നാം ഘട്ടം: ക്യൂആർ കോഡ് സ്കാൻ ചെയ്യുക:</u><br>ഇ-കോർട്ട്സ് മൊബൈൽ അപ്ലിക്കേഷനിൽ അന്തർനിർമ്മിതമായ “സ്കാൻ ക്യുആർ കോഡ്” ഓപ്ഷൻ ഉപയോഗിച്ച് ഒരാൾക്ക് കേസ് ഡോക്കറ്റിൽ ഒട്ടിച്ച ക്യുആർ കോഡ് സ്കാൻ ചെയ്യാൻ കഴിയും, അത് കേസ് നില ഉടൻ കാണിക്കും. ഈ ക്യുആർ കോഡ് സ്കാനിംഗ് ധാരാളം കേസുകളുള്ള അഭിഭാഷക ഓഫീസിനും കമ്പനികൾക്കും / സർക്കാർ സ്ഥാപനങ്ങൾക്കും ഗുണം ചെയ്യും. അവർക്ക് ക്യുആർ കോഡിന്റെ പ്രിന്റ് എടുത്ത് കേസ് ഫയലുകളിൽ ഒട്ടിക്കാനും അവരുടെ മൊബൈൽ ആപ്പ് - സ്കാൻ ക്യുആർ കോഡ് ഓപ്ഷൻ ഉപയോഗിച്ച് സ്കാൻ ചെയ്യാനും എല്ലാ പോയിന്റുകളും ഓരോന്നായി പൂരിപ്പിക്കാതെ തന്നെ കേസ് വിശദാംശങ്ങൾ തൽക്ഷണം നേടാനും കഴിയും. |
| <u>13 Get case status through SMS where there is no internet :</u><br>In our country, more than 50% percent of our people don’t have access to the internet. As reiterated by the Chairman of e-Committee we need to have inclusive system breaking the technological divide and this service is one such feature which caters to the need of the people who don’t have | | 13 <u>ഇന്റർനെറ്റ് ഇല്ലാത്തിടത്ത് SMS വഴി കേസ് നില അറിയുക</u>:<br>നമ്മുടെ രാജ്യത്ത്, 50% ശതമാനത്തിലധികം ആളുകൾക്ക് ഇന്റർനെറ്റ് ലഭ്യത ഇല്ല. ഇ-കമ്മിറ്റി ചെയർമാൻ ആവർത്തിച്ചതുപോലെ, സാങ്കേതിക വിഭജനം തകർക്കുന്ന സമഗ്രമായ സംവിധാനം നമ്മൾക്ക് ആവശ്യമാണ്, മാത്രമല്ല ഇന്റർനെറ്റ് ലഭ്യമല്ലാത്ത ആളുകളുടെ ആവശ്യം നിറവേറ്റുന്ന അത്തരം ഒരു സവിശേഷതയാണ് ഈ സേവനം. നിങ്ങൾക്ക് ഇന്റർനെറ്റ് കണക്ഷൻ ഇല്ല എങ്കിൽ , 9766899899 എന്നതിലേക്ക് eCourts<SPACE>< YOUR CNR NUMBER> |

access to the internet. When you don't have an internet connection then, one can get the case status by sending SMS eCourts<SPACE>< YOUR CNR NUMBER> to 9766899899.







എന്ന SMS അയച്ചുകൊണ്ട് കേസ് നില അറിയാനാകും.







<u>14. Getting case status through eCourts Automated email services:</u>

Though the service of automated email services is out of context for the e-Courts mobile App even then, it is a related feature which can be accessed in your mobile phone if you are in the practice of checking emails with your mobile phone. For getting case status through eCourts Automated email services, eCourts project has started sending emails to the litigants and Advocates through recently launched

<u>14. ഇ-കോർട്ട്സ് ഓട്ടോമേറ്റഡ് ഇമെയിൽ സേവനങ്ങളിലൂടെ കേസ് നില നേടുക:</u>

ഓട്ടോമേറ്റഡ് ഇമെയിൽ സേവനങ്ങളുടെ സേവനം ഇ-കോർട്ട്സ് മൊബൈൽ ആപ്പിന് പുറത്താണെങ്കിലും, നിങ്ങൾക്ക് മൊബൈൽ ഫോണിലൂടെ ഇമെയിലുകൾ പരിശോധിക്കുന്ന പതിവുണ്ടെങ്കിൽ നിങ്ങളുടെ മൊബൈൽ ഫോണിൽഅവ ആക്സസ് ചെയ്യാൻ കഴിയുന്ന ഒരു അനുബന്ധ സവിഷേശതയാണിത് . ഇകോർട്ട്സ് ഓട്ടോമേറ്റഡ് ഇമെയിൽ സേവനങ്ങളിലൂടെ കേസ് നില അറിയുന്നതിന് , അടുത്തിടെ സമാരംഭിച്ച ഓട്ടോമേറ്റഡ് ഇമെയിൽ സേവനങ്ങളിലൂടെ വ്യവഹാരികൾക്കും അഭിഭാഷകർക്കും ഇമെയിലുകൾ അയയ്ക്കാൻ ഇകോർട്ട്സ് പ്രോജക്റ്റ്

Automated email services. The registered users will get case updates, next hearing dates, copies of orders and Judgments and Cause list. To activate this attractive automated email service, the litigants and the advocates have to get their email registered in the concerned Court. A day is not far where one can get all the certified copies from the Court at the comfort of the home.

ആരംഭിച്ചു. രജിസ്റ്റർ ചെയ്ത ഉപയോക്താക്കൾക്ക് കേസ് അപ്ഡേറ്റുകൾ, അടുത്ത കേസ് തീയതികൾ, ഓർഡറുകളുടെയും വിധിന്യായങ്ങളുടെയും പകർപ്പുകൾ, കേസ്സ് ലിസ്റ്റ് എന്നിവ ലഭിക്കും. ആകർഷകമായ ഈ ഓട്ടോമേറ്റഡ് ഇമെയിൽ സേവനം സജീവമാക്കുന്നതിന്, വ്യവഹാരികളും അഭിഭാഷകരും അവരുടെ ഇമെയിൽ id ബന്ധപ്പെട്ട കോടതിയിൽ രജിസ്റ്റർ ചെയ്യണം. സാക്ഷ്യപ്പെടുത്തിയ എല്ലാ പകർപ്പുകളും കോടതിയിൽ നിന്ന് സ്വന്തം വീട്ടിലേക്ക് ലഭിക്കുന്ന ഒരു ദിവസം വിദൂരമല്ല.


<u>14.1 eCourts Automated email send from Avinashi Sub Court :</u>

An advocate practising in Avinashi Sub Court came one day and happily shared her excitement and surprise of receiving an automated email regarding the listing of the Case. It is shared herewith for the readers. A day is not far where one can get all the certified copies from the Court at the comfort of the home.





<u>14.1 അവിനാശി സബ് കോടതിയിൽ നിന്ന് അയച്ച ഓട്ടോമാറ്റഡ് ഇമെയിൽ</u>

അവിനാശി സബ് കോടതിയിൽ പ്രാക്ടീസ് ചെയ്യുന്ന ഒരു അഭിഭാഷകൻ ഒരു ദിവസം വന്ന് കേസിന്റെ ലിസ്റ്റിംഗ് സംബന്ധിച്ച് ഒരു ഓട്ടോമേറ്റഡ് ഇമെയിൽ ലഭിച്ചതിന്റെ ആവേശവും ആശ്ചര്യവും പങ്കുവെച്ചു. ഇത് വായനക്കാർക്കായി ഇവിടെ പങ്കിടുന്നു. സാക്ഷ്യപ്പെടുത്തിയ എല്ലാ പകർപ്പുകളും കോടതിയിൽ നിന്ന് സ്വന്തം വീട്ടിലേക്ക് ലഭിക്കുന്ന ഒരു ദിവസം വിദൂരമല്ല.




15. <u>India Code access through eCourts Mobile App :</u>

Now a new feature of India Code has been added to the e-Courts mobile application. Whereby anyone using it can get all the Statutes, Acts, Regulations, Notification, etc. It is a great ready reckoner of all the bare Acts in your handset. For example, if you want to refer any Section in CPC, then it can be easily got from the mobile app link, as shown herewith.







15. <u>ഇ-കോർട്ട്സ് മൊബൈൽ ആപ് വഴി ഇന്ത്യ കോഡ് വെബ് സൈറ്റിൽ പ്രവേശിക്കുന്നതിന്:</u>

ഇപ്പോൾ ഇ-കോർട്ട്സ് മൊബൈൽ ആപ്ലിക്കേഷനിൽ പുതിയ സവിശേഷതയായി ഇന്ത്യാ കോഡ് വെബ് സൈറ്റിലേക്കു പ്രവേശിക്കുന്നതിനുള്ള ലിങ്ക് ചേർത്തിട്ടുണ്ട്. അതിനാൽ ഇത് ഉപയോഗിക്കുന്ന ആർക്കും എല്ലാ നിയമങ്ങൾ, ചട്ടങ്ങൾ, റെഗുലേഷനുകൾ, നോട്ടിഫിക്കേഷനുകൾ മുതലായവ ലഭിക്കും. ഇത് നിങ്ങളുടെ ഹാൻഡ്സെറ്റിൽ എല്ലാ നിയമങ്ങളുടെയും സംക്ഷിപ്തരൂപം സൂക്ഷിക്കുന്നതിന് തുല്യമാണ്. ഉദാഹരണത്തിന്, നിങ്ങൾക്ക് സിവിൽ നടപടി നിയമത്തിലെ ഏതെങ്കിലും വകുപ്പ് റഫർ ചെയ്യാൻ താൽപര്യമുണ്ടെങ്കിൽ, ഇവിടെ കാണിച്ചിരിക്കുന്നതുപോലെ ഇത് മൊബൈൽ അപ്ലിക്കേഷൻ ലിങ്കിൽ നിന്നും എളുപ്പത്തിൽ നേടാൻ കഴിയും.



| | |
|---|---|
| <u>15.1.Searching a Bare Act from India code</u><br><br>If you want to search any statute, then you have to type the searching code in the search box, and you can get it from India code. For example, if you want the Criminal procedure code, you can type it in the box and get it.<br><br><br> | 15.1. <u>ഇന്ത്യ കോഡിൽ നിന്ന് ഒരു നിയമം തിരയുന്നത്:</u><br>നിങ്ങൾക്ക് ഏതെങ്കിലും നിയമം തിരയണമെങ്കിൽ, തിരയൽ ബോക്സിൽ നിയമത്തിന്റെ പേര് ടൈപ്പ് ചെയ്താൽ നിങ്ങൾക്ക് അത് ഇന്ത്യ കോഡിൽ നിന്ന് ലഭിക്കും. ഉദാഹരണത്തിന്, നിങ്ങൾക്ക് ക്രിമിനൽ നടപടി നിയമം കണ്ടെത്തണമെങ്കിൽ, നിങ്ങൾക്ക് അത് ബോക്സിൽ ടൈപ്പുചെയ്ത് കണ്ടെത്താം<br><br><br> |
| <u>16. Court Complex Locator :</u><br><br>A new option – Court Complex Locator is added in the e-Court Mobile Application, which is a handy tool for litigants. If a litigant receives a summon from far off Courts and is unaware of the location of the Court, then he can use the Court Complex Locator and find the Court location in the map, and he can reach the Court using this Court Complex Locator | 16. <u>കോർട്ട് കോംപ്ലക്സ് ലൊക്കേറ്റർ</u>:<br>ഇ-കോർട്ട് മൊബൈൽ ആപ്ലിക്കേഷനിൽ ഒരു പുതിയ ഓപ്ഷൻ ആയി കോർട്ട് കോംപ്ലക്സ് ലൊക്കേറ്റർ ചേർത്തിട്ടുണ്ട്, ഇത് വ്യവഹാരികൾക്കുള്ള ഒരു പുതിയ സൌകര്യമാണ്. ഒരു വ്യവഹാരിയ്ക്ക് വിദൂര കോടതികളിൽ നിന്ന് ഒരു സമൻസ് ലഭിക്കുകയും കോടതിയുടെ സ്ഥാനം അറിയുകയും ചെയ്യുന്നില്ലെങ്കിൽ, അയാൾക്ക് കോർട്ട് കോംപ്ലക്സ് ലൊക്കേറ്റർ ഉപയോഗിക്കാനും ഭൂപടത്തിൽ കോടതി സ്ഥാനം കണ്ടെത്താനും ഈ ഓപ്ഷൻ ഉപയോഗിച്ച് കോടതിയിൽ എത്താനും കഴിയും. ഈ കോർട്ട് കോംപ്ലക്സ് ലൊക്കേറ്റർ ഞങ്ങളുടെ |

| | |
|---|---|
| option. This Court Complex Locator works on our Indian Mapping App – BHUVAN and the screenshots of searching Court at Coimbatore is shown herewith.<br><br> | ഇന്ത്യൻ മാപ്പിംഗ് ആപ്പ് - ഭുവനിൽ പ്രവർത്തിക്കുന്നു, കോയമ്പത്തൂരിലെ കോടതിയെ തിരയുന്നതിന്റെ സ്ക്രീൻഷോട്ടുകൾ ആണ് ഇവിടെ കാണിച്ചിരിക്കുന്നത്.<br><br> |
| <u>17. e-Filing link in e-Court Mobile App.</u><br>You can also access the e-Court services like e-Filing, e-Payment and NJDG. Once you click the e-filing application, it will take you to the e-filing portal https://efiling.ecourts.gov.in and from the India Map, you can choose your respective State and start e-filing the Case. You can also access the help videos and tutorials provided under the e-filing portal and start | 17. <u>ഇ-കോർട്ട് മൊബൈൽ ആപ്ലിക്കേഷനിലെ ഇ-ഫയലിംഗ് ലിങ്ക്</u><br>ഇ-ഫയലിംഗ്, ഇ-പേയ്മെന്റ്, എൻജെഡിജി പോലുള്ള ഇ-കോർട്ട് സേവനങ്ങളും നിങ്ങൾക്ക് ഉപയോഗപ്പെടുത്താൻ കഴിയും. ഇ-ഫയലിംഗ് ആപ്ലിക്കേഷനിൽ ക്ലിക്കുചെയ്തുകഴിഞ്ഞാൽ, അത് നിങ്ങളെ https://efiling.ecourts.gov.in എന്ന ഇ-ഫയലിംഗ് പോർട്ടലിലേക്ക് നയിക്കും. ഇന്ത്യയുടെ ഭൂപടത്തിൽ നിന്ന് നിങ്ങൾക്ക് അതത് സംസ്ഥാനം തിരഞ്ഞെടുത്ത് കേസ് ഇ-ഫയൽ ചെയ്യാൻ ആരംഭിക്കാം. ഇ-ഫയലിംഗ് പോർട്ടലിനു കീഴിൽ നൽകിയിട്ടുള്ള സഹായ വീഡിയോകളിലേക്കും ട്യൂട്ടോറിയലുകളിലേക്കും നിങ്ങൾക്ക് പ്രവേശിക്കാനും നിങ്ങളുടെ കേസുകൾ ഇ-ഫയലിംഗ് ആരംഭിക്കാനും ഡിജിറ്റൽ |


<table>
<tr>
<td>e-Filingyour cases and can become digital era advocates.<br><br></td>
<td></td>
<td>യുഗത്തിലെ അഭിഭാഷകരാകാനും കഴിയും.<br><br></td>
</tr>
<tr>
<td><u>18. e-Pay link in eCourts Mobile App:</u><br>When you click the option e-Pay, it will take you to the <u>https://pay.ecourts.gov.in</u><br>from where you can make digital payments for Court fees, Judicial Deposit, Fine and Penalty. You can make digital payments using your CNR number or case number and by using your mobile number.<br><br></td>
<td></td>
<td><u>18. ഇ-കോർട്ട്സ് മൊബൈൽ അപ്ലിക്കേഷനിലെ ഇ-പേ ലിങ്ക്:</u><br>e-pay ഓപ്ഷനിൽ ക്ലിക്കുചെയ്യുമ്പോൾ, അത് നിങ്ങളെ https://pay.ecourts.gov.in ലേക്ക് കൊണ്ടുപോകും<br>കോടതി ഫീസ്, ജുഡീഷ്യൽ ഡെപ്പോസിറ്റ്, പിഴ എന്നിവയ്ക്കായി നിങ്ങൾക്ക് ഡിജിറ്റൽ പണമൊടുക്ക് നടത്താനാകും. നിങ്ങളുടെ സിഎൻആർ നമ്പർ അല്ലെങ്കിൽ കേസ് നമ്പർ ഉപയോഗിച്ചും മൊബൈൽ നമ്പർ ഉപയോഗിച്ചും നിങ്ങൾക്ക് ഡിജിറ്റൽ പണമൊടുക്കുകൾ നടത്താൻ കഴിയും.<br><br></td>
</tr>
<tr>
<td><u>19.NJDG link in the e-Courts mobile App:</u><br>When you click NJDG button, it will take you directly to the NJDG link under</td>
<td></td>
<td><u>19. ഇ-കോടതികളുടെ മൊബൈൽ അപ്ലിക്കേഷനിലെ NJDG ലിങ്ക്:</u><br>നിങ്ങൾ NJDG ബട്ടൺ ക്ലിക്കുചെയ്യുമ്പോൾ, അത് <u>https://njdg.ecourts.gov.in</u> ലേക്ക് നേരിട്ട് കൊണ്ട് പോകും. അവിടെ നിന്ന് ഇനിപ്പറയുന്ന വിശദാംശങ്ങൾ നിങ്ങൾക്ക് ലഭിക്കും.</td>
</tr>
</table>

https://njdg.ecourts.gov.in from where you can get the particulars of the following 19.1. National Judicial Data Grid (District and Taluka Courts)


19.2. National Judicial Data Grid( High Courts).


While using NJDG, you need to select the State, then-District and using the drill-down option, and you can get a variety of details of the pending cases, disposed of cases, case type wise, stage-wise, etc. Put your hand on the mobile to experience the drill-down options.




19.1 ദേശീയ ജുഡീഷ്യൽ ഡാറ്റ ഗ്രിഡ് (ജില്ലാ, താലൂക്ക് കോടതികൾ)
19.2. ദേശീയ ജുഡീഷ്യൽ ഡാറ്റ ഗ്രിഡ് (ഹൈക്കോടതികൾ).
എൻജെഡിജി ഉപയോഗിക്കുമ്പോൾ, നിങ്ങൾ ഡ്രിൽ-ഡൌൺ ഓപ്ഷൻ ഉപയോഗിച്ച് സംസ്ഥാനം, പിന്നെ, ജില്ല എന്നിവ തിരഞ്ഞെടുക്കേണ്ടതുണ്ട്, കൂടാതെ തീർപ്പായിട്ടില്ലാത്ത കേസുകൾ, തീർപ്പാക്കിയ കേസുകൾ, കേസുകളെ തരം തിരിച്ച്,കേസിന്റെ സ്റ്റേജ് തിരിച്ച്, തുടങ്ങിയ വിവിധ തരം വിശദാംശങ്ങൾ നിങ്ങൾക്ക് ലഭിക്കും. മൊബൈലിൽ ഡ്രിൽ-ഡൌൺ ഓപ്ഷനുകൾ പരിചയപ്പെടുവാൻ ശ്രമിക്കുക.



## 20.Help Option :

How to use the various options under the e-Court services has been displayed under this Help Option which will come to help whenever doubt arises. When you click on every tab under the help, it will show the step along with the guide images to use the features. E.g., if you click the tab of My Cases under eCourts Services app Help, it will open up the help details as shown in the screenshot which you can follow and start using the menus.







## 20: ഹെൽപ്പ് ഓപ്ഷൻ:

ഇ-കോർട്ട് സേവനങ്ങൾക്ക് കീഴിലുള്ള വിവിധ ഓപ്ഷനുകൾ എങ്ങനെ ഉപയോഗിക്കാം എന്നത് ഈ ഹെൽപ്പ് ഓപ്ഷന് കീഴിൽ പ്രദർശിപ്പിച്ചിരിക്കുന്നു, അത് സംശയം ഉണ്ടാകുമ്പോഴെല്ലാം നിങ്ങളെ സഹായിക്കും. സഹായത്തിന് കീഴിലുള്ള ഓരോ ടാബിലും നിങ്ങൾ ക്ലിക്കുചെയ്യുമ്പോൾ, ഓരോ ഘട്ടത്തിന്റെയും സവിശേഷതളും, അത് ഉപയോഗിക്കുന്നതിനുള്ള ചിത്രങ്ങൾ സഹിതം വിശദീകരിച്ചിരിക്കും. ഉദാഹരണത്തിന്, ഇ-കോർട്ട്സ് സേവന ആപ്ലിക്കേഷൻ സഹായത്തിന് കീഴിലുള്ള my cases ടാബിൽ ക്ലിക്കുചെയ്യുകയാണെങ്കിൽ, സ്ക്രീൻഷോട്ടിൽ കാണിച്ചിരിക്കുന്നതു പോലെ ഇത് സഹായ വിശദാംശങ്ങൾ തുറക്കുകയും നിങ്ങൾക്ക് പിന്തുടരാനും മെനുകൾ ഉപയോഗിക്കാൻ ആരംഭിക്കാനും കഴിയും.






| | | |
|---|---|---|
| *Download ecourts services mobile app today itself !*<br><br>*And get your case status in your Hand(sets) 24*7 free of cost* | | ഇ -കോർട്സ് സേവനങ്ങളുടെ മൊബൈൽ അപ്ലിക്കേഷൻ ഇന്ന് തന്നെ ഡൗൺലോഡുചെയ്യുക!<br>നിങ്ങളുടെ കേസ് സ്റ്റാറ്റസ് 24 x 7 സൌജന്യമായി അറിയുക. |

# ഹൈക്കോടതി, ജില്ലാ/താലൂക്ക് കോടതികൾക്കുള്ള
# ഇ കോർട്ട് മൊബൈൽ സർവീസ്സസ് ആപ്പ്

24 x 7 ഉം നിങ്ങളുടെ കൈവശം (ഉള്ള ഹാൻഡ് സെറ്റിൽ) കേസ് നില, കോസ് ലിസ്റ്റ്, കോടതികളുടെ വിധി ന്യായങ്ങളും ഉത്തരവുകളും കിട്ടുകയും മൈ കേസ്സ് സൂചിക വഴി നിങ്ങളുടെ കേസുകൾ ചേർത്ത് സൂക്ഷിക്കുകയും ചെയ്യുക.

കേസുകളുടെ പൂർണ്ണ ചരിത്രം അറിയുക.

വിധി ന്യായങ്ങളും ഉത്തരവുകളും കാണുക

കോടതി സമുച്ചയം കണ്ട് പിടിക്കുക

സവിശേഷമായ സി. എൻ.ആർ നമ്പർ ഉപയോഗിച്ച് കേസുകൾ തിരയുക. (സി. എൻ. ആർ. നമ്പർ https://services.ecourts.gov.in/ എന്ന വെബ് സൈറ്റിൽ നിന്ന് ലഭിക്കും)

ക്യൂ. ആർ. കോഡ് സ്കാൻ ചെയ്ത് കേസ് നില തിരയുക. (ക്യൂ. ആർ. കോഡ് https://services.ecourts.gov.in/ എന്ന വെബ് സൈറ്റിൽ നിന്ന് ലഭിക്കും)


കേസ് നമ്പർ, ഫയലിംഗ് നമ്പർ, എഫ്. ഐ. ആർ. നമ്പർ, കക്ഷിയുടെ/അഭിഭാഷകരുടെ പേര്, നിയമം, കേസ് തരം എന്നിവ ഉപയോഗിച്ച് കേസുകൾ തിരയുക.

കോസ് ലിസ്റ്റ് ലഭിക്കുക.

നിങ്ങളുടെ കേസുകൾ മൈ കേസസിൽ സൂക്ഷിക്കുകയും പിന്തുടരുകയും ചെയ്യുക

മൈ കേസസ്സ് വഴി നിങ്ങളുടെ "ഇന്നത്തെ കേസുകളുടെ" സൂചന ലഭിക്കുക

കലണ്ടർ സൂചിക ലഭിക്കുക




GET IT ON Google Play | Download on the App Store

https://services.ecourts.gov.in/ എന്ന ഇ കോർട്ട്സ് വെബ് പേജിൽ നിന്ന്

**Download**

ഇ കോർട്ട്സ് മൊബൈൽ ആപ്

## സുപ്രീം കോടതി ഇ-കമ്മറ്റി